**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2984** **14-02-2024 - ൽ മറുപടിയ്ക്ക്**

**സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള അഴിക്കോട് മണ്ഡലത്തിലെ ചിറക്കലിലുള്ള സ്ഥലത്ത്, പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ തന്നെ നിലനിർത്തി സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ സാംസ്കാരിക സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | 2022-23 ബജറ്റ് പ്രസംഗത്തിൽ മഹാകവി ചെറുശ്ശേരിയുടെ പേരിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്നും മഹാകവി ചെറുശ്ശേരിക്ക് സ്മാരകം നിർമ്മിക്കുന്നതിനായി കണ്ണൂർ താലൂക്ക് ചിറയ്ക്കൽ വില്ലേജിൽ ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ച ചിറയ്ക്കൽ കിഴക്കേക്കര മതിലകം ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ തെക്ക് ഭാഗത്ത് ക്ഷേത്രത്തിന്റെ തന്നെ സ്ഥലമാണ് പരിഗണിച്ചിട്ടുള്ളത് എന്നും കൈവശക്കാരിൽ നിന്നും ഭൂമിയുടെ സമ്മതപത്രം ലഭ്യമാക്കുവാൻ കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിനു ഹിന്ദു മത ധർമ സ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | സ്മാരകം നിർമ്മിക്കാൻ ദേവസ്വം ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മാത്രം മതിയാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2022-23 ബജറ്റ് പ്രസംഗത്തിൽ മഹാകവി ചെറുശ്ശേരിയുടെ പേരിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്നും മഹാകവി ചെറുശ്ശേരിക്ക് സ്മാരകം നിർമ്മിക്കുന്നതിനായി കണ്ണൂർ താലൂക്ക് ചിറയ്ക്കൽ വില്ലേജിൽ ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ച ചിറയ്ക്കൽ കിഴക്കേക്കര മതിലകം ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ തെക്ക് ഭാഗത്ത് ക്ഷേത്രത്തിന്റെ തന്നെ സ്ഥലമാണ് പരിഗണിച്ചിട്ടുള്ളത് എന്നും കൈവശക്കാരിൽ നിന്നും ഭൂമിയുടെ സമ്മതപത്രം ലഭ്യമാക്കുവാൻ കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി ക്ഷേത്രേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിനു ഹിന്ദു മത ധർമ സ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ